# കേരള സര്‍വകലാശാല

നം. പി.ആര്‍.067/2017 ഫോണ്‍ : 2305738

## പത്രക്കുറിപ്പ്

### മാര്‍ക്ക്‌ലിസ്റ്റുകള്‍ കൈപ്പറ്റണം

കേരള സര്‍വകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രത്തിലെ ഗവണ്‍മെന്റ് കോളേജ് കാര്യവട്ടം, ക്രിസ്റ്റ്യന്‍ കോളേജ് കാട്ടാക്കട, കൊല്ലം ജില്ലയിലെ വിവിധ കേന്ദ്രങ്ങളില്‍ 2016 ജൂണില്‍ രണ്ടാം വര്‍ഷ ബീ.കോം കംപ്യൂട്ടര്‍ ആപ്ലിക്കേഷന്‍ പരീക്ഷ എഴുതിയ വിദ്യാര്‍ത്ഥികള്‍ മാര്‍ച്ച് 27,28,29 തീയതികളില്‍ പാളയം എസ്.ഡി.ഇ ഓഫീസില്‍ നിന്നും ഹാള്‍ടിക്കറ്റുമായി വന്ന് മാര്‍ക്ക്‌ലിസ്റ്റുകള്‍ കൈപ്പറ്റണം.

### ബി.ബി.എ സപ്ലിമെന്ററി പരീക്ഷ

കേരള സര്‍വകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം ഏപ്രില്‍ നാലിന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റര്‍ ബി.ബി.എ സപ്ലിമെന്ററി (2013 & 2014 അഡ്മിഷന്‍) പരീക്ഷയ്ക്ക് തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാര്‍ത്ഥികള്‍ പാളയത്തെ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തില്‍ നിന്നും ഹാള്‍ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷയെഴുതണം. കൊല്ലം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാര്‍ത്ഥികള്‍ കൊല്ലം എസ്.എന്‍ കോളേജില്‍ നിന്നും ഹാള്‍ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷയെഴുതണം. ചേര്‍ത്തല, കോട്ടയം, കണ്ണൂര്‍ എന്നീ കേന്ദ്രങ്ങള്‍ ആവശ്യപ്പെട്ട വിദ്യാര്‍ത്ഥികള്‍ ചേര്‍ത്തല എസ്.എന്‍. കോളേജില്‍ നിന്നും ഹാള്‍ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷയെഴുതണം.

### അപേക്ഷ ക്ഷണിച്ചു

കേരള സര്‍വകലാശാല ഡിപ്പാര്‍ട്ട്മെന്റ് ഓഫ് കമ്പ്യൂട്ടേഷണല്‍ ബയോളജി ആന്റ് ബയോ ഇന്‍ഫര്‍മാറ്റിക്സിലെ എസ്.ഐ.യു.സി.ഇ.ബി പ്രോജക്ടിലേക്ക് 'നെക്സ്റ്റ് ജെനറേഷന്‍ സീക്വന്‍സിംഗ്' സര്‍വീസിന് വേണ്ടി ബന്ധപ്പെട്ട സ്ഥാപനങ്ങളില്‍ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദ വിവരങ്ങള്‍ക്ക് (www.dcb.res.in) എന്ന വെബ്സൈറ്റ് സന്ദര്‍ശിക്കുക.

### ബി.എ/ബി.കോം/ബി.ബി.എ എല്‍.എല്‍.ബി ടൈംടേബിള്‍

കേരള സര്‍വകലാശാല ഏപ്രില്‍ നാലിന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റര്‍ ബി.എ/ബി.കോം/ബി.ബി.എ എല്‍.എല്‍.ബി പരീക്ഷ ടൈംടേബിള്‍ വെബ്സൈറ്റില്‍ (www.keralauniversity.ac.in) ലഭിക്കും.

### തീരദേശ ജൈവവൈവിധ്യ പഠനം: ശില്‍പശാല

കേരളശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗണ്‍സിലും കേരള സര്‍വകലാശാലയുടെ അക്വാട്ടിക് ബയോളജി & ഫിഷറീസ് വിഭാഗവും സംയുക്തമായി തീരദേശ ജൈവവൈവിധ്യ പഠനവും നിരീക്ഷണവും എന്ന വിഷയത്തില്‍ ശില്‍പശാല സംഘടിപ്പിച്ചു.കേരള തീരദേശ പരിസ്ഥിതി വിദ്യാഭ്യാസ ശൃംഖല അഥവാ കേരള കോസ്റ്റല്‍ എന്‍വയോണ്‍മെന്റല്‍ എഡ്യുക്കേഷന്‍ നെറ്റ്‌വര്‍ക്ക്(KCEEM - കീം) എന്ന ശാസ്ത്രജ്ഞ പൗരസമൂഹ കൂട്ടായ്മ രൂപം

നൽകാൻ ശിൽപശാലയിൽ തീരുമാനിച്ചു. പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ.സതീഷ് ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കേരളശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ജോയിന്റ് ഡയറക്ടർ ഡോ. കമലാക്ഷൻ കൊക്കൽ മുഖ്യ പ്രഭാഷണം നടത്തി.

## <u>സ്കൂൾ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം</u>

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന വേനൽക്കാല കായിക പരിശീലന ക്യാമ്പ് ഏപ്രിൽ 17 മുതൽ മെയ് 16 വരെ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടത്തും. അത്‌ലറ്റിക്സ് ഫുട്ബോൾ എന്നീ ഇനങ്ങളിലായിരിക്കും പരിശീലനം നൽകുക. 12 മുതൽ 17 വരെ പ്രായമുള്ള കുട്ടികൾക്ക് പരിശീലനപരിപാടിയിൽ പങ്കെടുക്കാം. രാവിലെ 6.30 മുതൽ 8.30 വരെയാണ് പരിശീലനസമയം. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം നൽകുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 500 രൂപ. അപേക്ഷഫോമിനും മറ്റു വിവരങ്ങൾക്കും ജി.വി.രാജ പവലിയനിൽ പ്രവർത്തിക്കുന്ന സർവകലാശാല ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471-2306485.

## <u>ബി.എസ്‌സി പരീക്ഷ</u>

കേരള സർവകലാശാല ഏപ്രിൽ മൂന്നിന് തുടങ്ങുന്ന അവസാനവർഷ ബി.എസ്‌സി (ആന്വൽ സ്കീം) പാർട്ട് മൂന്ന് മാത്തമാറ്റിക്സ് മെയിൻ പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവ.ആർട്സ് കോളേജ്, കൊല്ലം എസ്.എൻ കോളേജ് എന്നിവിടങ്ങൾ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ. ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ് കോളേജ് പരീക്ഷാകേന്ദ്രമായി തിരഞ്ഞെടുത്തവർ തിരുവനന്തപുരം ഗവ.ആർട്സ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷയെഴുതണം. കൊല്ലം എഫ്.എം.എൻ പരീക്ഷാകേന്ദ്രമായി തിരഞ്ഞെടുത്തവർ കൊല്ലം എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷയെഴുതണം.

തിരുവനന്തപുരം.
27.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: <u>ku.release@gmail.com</u>** **website: <u>www.keralauniversity.ac.in</u>**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**